LIBRARY ARCHIVES Kerala Legislative Assembly

നദികളെക്കുറിച്ചുള്ള ഗവേഷണം

191(3113) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദികളെക്കുറിച്ചുള്ള ഗവേഷണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നദികളുടെ സംരക്ഷണം ലക്ഷ്യമാക്കി ഗവേഷണം, ട്രെയിനിംഗ് ഇവ ശാസ്ത്രീയമായി നടത്തുന്നതിനായി റവന്യൂ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എറണാകുളം ആസ്ഥാനമായി സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ചും എറണാകുളം ജില്ലാ കളക്ടറെ പ്രസ്തുത സെന്റർ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ചുമതലപ്പെടുത്തി 4-12-14-ലെ സ.ഉ.(എംഎസ്.) 503/14/റവ. നമ്പരായി* സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാലവർഷക്കെടുതികളും വരൾച്ചാക്കെടുതികളുംവഴി സംസ്ഥാനത്തിനുണ്ടായ നഷ്ടം

192(3114) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കാലവർഷക്കെടുതികളും വരൾച്ചാക്കെടുതികളുംവഴി സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടിയുടേതായിരുന്നു കണക്കാക്കപ്പെട്ടതെന്ന് വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) ഓരോ കാലയളവിലും കണക്കാക്കപ്പെട്ട നഷ്ടവും ലഭിച്ച കേന്ദ്രഗവൺമെന്റ് സഹായവും സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) ഈ സർക്കാരിന്റെകാലത്ത് ഓരോ വർഷം കാലവർഷക്കെടുതികളും വരൾച്ചക്കെടുതികളും വഴി സംസ്ഥാനത്തിനുണ്ടായ നഷ്ടവും കേന്ദ്രഗവൺമെന്റ് സഹായവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

	കണക്കാക്കപ്പെട്ട നഷ്ടം (കോടി)	ലഭിച്ച കേന്ദ്രഗവൺമെന്റ് സഹായം (കോടി)
കാലവർഷക്കെടുതി 2011-12	712.06	109.69
കാലവർഷക്കെടുതി 2012-13	1428.75	15.96
വരൾച്ച 2012-13	2488.18	80.05
കാലവർഷക്കെടുതി 2013-14	503.86	0
കാലവർഷക്കെടുതി 2014-15	495.32	ലഭ്യമായിട്ടില്ല.

സർട്ടിഫിക്കറ്റുകളുടെ ഫീസ്

193(3115) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകി വരുമ്പോൾ ഫീസിനത്തിൽ എത്ര രൂപ വീതമാണ് നൽകേണ്ടിവരുന്നത് ;

(ബി) പല അക്ഷയ കേന്ദ്രങ്ങളും നിശ്ചിതഫീസിലും ഉയർന്ന തുക അപേക്ഷകരിൽ നിന്നും ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം ഉയർന്നനിരക്ക് ഈടാക്കുന്നത് തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly